# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 8, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 361)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 710 മുതൽ 857 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 858 മുതൽ 950 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 951 മുതൽ 991 വരെ |
| പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 992 മുതൽ 1070 വരെ |

<u>ആരോഗ്യകിരണം പദ്ധതി</u>

710 ശ്രീ. സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ആരോഗ്യകിരണം' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ് ; വ്യക്തമാക്കാമോ ;

(സി) പതിനെട്ടു വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കാമോ ;

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

(ഡി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടുകൂടിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത് വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത് ;

(എഫ്) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

എൻ.ആർ.എച്ച്.എം. സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ

711 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്ത് എൻ.ആർ.എച്ച്.എം. സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും, അവയോരോന്നും ആരംഭിച്ചത് എന്നുമുതലാണെന്നും വ്യക്തമാക്കുമോ;

(ബി) നടപ്പാക്കുന്ന പദ്ധതികൾ ഓരോന്നും എന്തു തുക ചെലവു വരുന്നതാണെന്നും, എൻ.ആർ.എച്ച്.എം. എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ആയതിൽ ഏതെല്ലാം പദ്ധതികൾ നിശ്ചിതകാലയളവിനുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചില്ലെന്നും, അതിനുള്ള കാരണങ്ങളും വെളിപ്പെടുത്തുമോ;

(ഡി) ആശുപത്രികളുടെ അടിസ്ഥാനസൗകര്യവികസനത്തിന് എന്തു തുകയുടെ പദ്ധതി അനുവദിച്ച് ഉത്തരവ് ലഭിക്കുകയുണ്ടായി; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതി</u>

712 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആരെല്ലാം മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പദ്ധതിക്ക് ലഭിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കുട്ടികൾക്കായുള്ള സൗജന്യ ചികിത്സാ പദ്ധതി

713 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനെട്ടു വയസുവരെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രിയിൽ അർബുദം, ഹൃദ്രോഗം, വൃക്കരോഗം, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി തുടങ്ങിയത് ഏത് തീയതി മുതലാണ് ; ഇതിനകം എത്ര കുട്ടികൾക്ക് സൗജന്യ ചികിത്സ നല്കുകയുണ്ടായി ; ആയതിനായി ഇതിനകം ചിലവഴിച്ച മൊത്തം തുക എത്ര ; പതിനെട്ടു വയസ്സുവരെയുള്ള ഇത്തരത്തിലുള്ള എത്ര കുട്ടികൾ സംസ്ഥാനത്തുള്ളതായി കണക്കാക്കപ്പെടുന്നു ; വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും എന്ത് തുക പ്രസ്തുത പദ്ധതിക്കു ലഭിച്ചു ; സംസ്ഥാന ഖജനാവിൽ നിന്ന് ചികിത്സയ്ക്ക് മാത്രമായി ചിലവഴിച്ചത് എത്ര ; വിശദമാക്കുമോ ;

(സി) എത്ര ജില്ലകളിൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട് ; ഇതിനായി പ്രത്യേകമായി ചിലവഴിക്കപ്പെട്ട തുക എത്ര ;

(ഡി) 'ആരോഗ്യ കിരണം' പദ്ധതി എത്ര തവണ ഉദ്ഘാടനം ചെയ്യുകയുണ്ടായി ; ഓരോ ഘട്ടത്തിലും ഉദ്ഘാടനത്തിനായി പരസ്യം ഇനത്തിലും മറ്റും ചിലവായ മൊത്തം തുക എത്ര : വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി</u>

714 ശ്രീ. കെ. മുരളീധരൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
''എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഉപകേന്ദ്രങ്ങളിൽ ഒരുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി സംബന്ധിച്ച് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും ശാക്തീകരണം</u>

715 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും ശാക്തീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കർമ്മപദ്ധതികൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഒരുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>മിനി ലാബുകൾ ആരംഭിക്കുന്ന പദ്ധതി</u>

716 ശ്രീ. പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മിനി ലാബുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) ആയതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ഗ്രാമീണ കേരളത്തിന്റെ ആരോഗ്യസുരക്ഷ

717 ശ്രീ. എം.എ. വാഹീദ്
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണകേരളത്തിന്റെ ആരോഗ്യസുരക്ഷയ്ക്കായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും സജ്ജമാക്കുന്നതിന് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

വിദ്യാർത്ഥികളിലെ ജീവിതശൈലീരോഗങ്ങൾ

718 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ 50% കുട്ടികളും ജീവിതശൈലീ രോഗങ്ങളുള്ളവരാണെന്ന സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുട്ടികൾക്ക് സൗജന്യപ്രമേഹചികിത്സാ പദ്ധതി</u>

719 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി.റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് സൗജന്യപ്രമേഹചികിത്സാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖാന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെല്ലാം കുട്ടികൾക്കാണ് പദ്ധതിമൂലം പ്രയോജനം ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>എൻ. ആർ. എച്ച്.എം മുഖാന്തിരം കുട്ടനാട്ടിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ</u>

720 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം. മുഖാന്തിരം കുട്ടനാട്ടിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) നെടുമുടി പഞ്ചായത്തിൽ ഗവ.ഹോമിയോ ആശുപത്രിക്ക് കെട്ടിട നിർമ്മാണത്തിന് എൻ. ആർ. എച്ച്. എം. മുഖാന്തിരം സമർപ്പിച്ച അപേക്ഷയിൻമേൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിച്ച പ്രൈമറി/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ</u>

721 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര പുതിയ പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട് ;

(ബി) പുതിയ പി.എച്ച്.സി., സി.എച്ച്.സി. എന്നിവ ആരംഭിച്ചതിനോടൊപ്പം ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ലാത്തത് പ്രസ്തുത സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ വന്ധ്യതാചികിത്സാസൗകര്യം</u>

722 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വന്ധ്യതാചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) ജില്ലാ/താലൂക്ക് ആശുപത്രികളിൽ വന്ധ്യതാചികിത്സയ്ക്ക് മതിയായ സൗകര്യം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുതകാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ഡി) വന്ധ്യതാചികിത്സാരംഗത്തെ ആധുനികസൗകര്യങ്ങൾ സർക്കാർ മേഖലയിൽ ഏർപ്പെടുത്തുന്നതിലെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ഡയാലിസിസ് സെന്ററുകൾ</u>

723 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പൊതുജന പങ്കാളിത്തത്തോടെ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ:

(ബി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിൽ നിലനിർത്തുന്നതിനും അവയുടെ മറ്റ് വിപുലീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾക്ക് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ സെക്രട്ടറിയായ ആശുപത്രി മെഡിക്കൽ സൂപ്രണ്ടിന് പ്രസ്തുത ഡയാലിസിസ് സെന്ററുകളുടെ പ്രവർത്തനത്തിൽ എന്തെല്ലാം ഉത്തരവാദിത്തങ്ങളാണ് വഹിക്കാനാവുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ആശുപത്രികളില്‍ ഡയാലിസിസ് സൗകര്യം</u>

724 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലവില്‍ ഏതൊക്കെ സര്‍ക്കാര്‍ ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യം ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഡയാലിസിസ് സൗകര്യം കൂടുതല്‍ സര്‍ക്കാര്‍ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഡയാലിസിസ് സൗകര്യമുള്ള എല്ലാ സര്‍ക്കാര്‍ ആശുപത്രികളിലും യോഗ്യതയുള്ള ഡയാലിസിസ് ടെക്നീഷ്യന്‍മാരുണ്ടോ; ഏതൊക്കെ ആശുപത്രിയിലാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മറ്റിടങ്ങളില്‍ യോഗ്യരായുള്ള ടെക്നീഷ്യന്‍മാരുടെ അഭാവത്തില്‍ സുരക്ഷിത ഡയാലിസിസിനായി ഏര്‍പ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണെന്ന് വിശദമാക്കാമോ;

(ഇ) ഡയാലിസിസ് ടെക്നോളജി കോഴ്സിന്റെ അടിസ്ഥാനയോഗ്യത നിര്‍ണ്ണയിച്ചതിലുള്ള അപാകത പരിഹരിക്കണമെന്നും അവശ്യംവേണ്ട തസ്തികകള്‍ സൃഷ്ടിക്കണമെന്നും ആവശ്യപ്പെട്ട് ഡയാലിസിസ് ടെക്നീഷ്യന്‍സ് അസോസിയേഷന്‍ സമര്‍പ്പിച്ച നിവേദനത്തിന്‍മേല്‍ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സൗജന്യ ഡയാലിസിസ് സൗകര്യങ്ങള്‍</u>

725 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എത്ര സര്‍ക്കാര്‍ ആശുപത്രികളില്‍ സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിന് സൗകര്യങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവ ഏതെല്ലാം ആശുപത്രികളിലാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) സൗജന്യ ഡയാലിസിസ് സൗകര്യങ്ങള്‍ എല്ലാ താലൂക്ക് ആശുപത്രികളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എമ്മിന്റെ പ്രവർത്തനം</u>

726 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്തിന് നടപ്പുസാമ്പത്തികവർഷത്തിൽ കേന്ദ്രസർക്കാരിൽ നിന്നും എന്തു തുക ലഭിച്ചു; എന്തു തുക സംസ്ഥാനം ചിലവഴിച്ചു;

(ബി) എന്തൊക്കെ പ്രവർത്തനത്തിനു വേണ്ടിയാണ് തുക ചിലവഴിച്ചതെന്നു വ്യക്തമാക്കുമോ;

(സി) എൻ.ആർ.എച്ച്.എം. കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ജനറൽ ആശുപത്രികളുടെ പ്രവർത്തനം</u>

727 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനറൽ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ജനറൽ ആശുപത്രികളുടെ ജില്ലതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഓരോ ജനറൽ ആശുപത്രിയിലെയും ഡോക്ടർമാരുടെയും ജീവനക്കാരുടെയും സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്ന് ആശുപത്രി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) താലൂക്ക്/ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയാക്കി മാറ്റുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഇ) നെയ്യാറ്റിൻകര ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ, ഇതിനാവശ്യമായ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇതിൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും തസ്തികകൾ എത്ര വീതമെന്നു വ്യക്തമാക്കുമോ; നിലവിൽ എത്ര ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ ഉണ്ടെന്നും, അതിൽ എത്രയെണ്ണത്തിൽ ജീവനക്കാർ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) ഓപ്പറേഷൻ തിയേറ്ററിലെ അണുബാധ കാരണം ഓപ്പറേഷൻ നടത്തുന്നത് അപകടമാണെന്നും, അതിനാൽ ഓപ്പറേഷൻ ജോലികൾ ഏറ്റെടുക്കാനാവില്ലെന്നും കാട്ടി നെയ്യാറ്റിൻകര ആശുപത്രിയിലെ ഡോക്ടർമാർ ബന്ധപ്പെട്ട അധികാരികൾക്ക് കത്തു നൽകിയിട്ടുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ, ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

രോഗം ബാധിക്കുന്നതിൽ ഭക്ഷ്യപദാർത്ഥങ്ങളുടെ സ്വാധീനം

728 ശ്രീ. എം. ഉമ്മർ
,, സി. മമ്മൂട്ടി
,, കെ. എം. ഷാജി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രമേഹം, കാൻസർ, വൃക്ക രോഗം എന്നിവ ബാധിക്കുന്നവരുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്നതിൽ, മാറിയ ജീവിതശൈലി, വർദ്ധിച്ച മദ്യപാനശീലം, ഭക്ഷ്യവസ്തുക്കളിലെ മായം, വിഷവസ്തുക്കൾ എന്നിവ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ വിവരങ്ങൾ വിശദമാക്കാമോ;

(ബി) നാളിതുവരെ പ്രസ്തുത പഠനം നടത്തിയിട്ടില്ലെങ്കിൽ വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് വകുപ്പിന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു പഠനത്തിനുള്ള നടപടി ആരംഭിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മലപ്പുറത്ത് കാൻസർ സെന്റർ ആരംഭിക്കുന്നതിന് നടപടി

729 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൻസർ രോഗികളുടെ എണ്ണത്തിനനുസരിച്ചുള്ള സ്പെഷ്യാലിറ്റി കാൻസർ ഹോസ്പിറ്റൽ ഇല്ല എന്ന വസ്തുത സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) സർക്കാരിന്റെ കീഴിൽ കാൻസർ ചികിത്സക്ക് മാത്രമുള്ള എത്ര കാൻസർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്;

(ഡി) കഴിഞ്ഞ ബജറ്റിൽ മലപ്പുറത്ത് പ്രഖ്യാപിച്ച കാൻസർ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) കാൻസർ രോഗികൾ വർദ്ധിച്ചുവരുന്ന മലപ്പുറത്ത് ഉടൻ കാൻസർ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ മാതൃശിശു ആരോഗ്യകേന്ദ്രം</u>

730 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മാതൃശിശു ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം തീരെ അപര്യാപ്തമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കേന്ദ്ര യൂണിവേഴ്സിറ്റിയുടെ ആസ്ഥാനമായ പെരിയയിൽ സ്ഥിതി ചെയ്യുന്ന പെരിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് മേൽ സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ചെറൂപ്പ ഹെൽത്ത് സെന്റർ</u>

731 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെറൂപ്പ ഹെൽത്ത് സെന്റർ പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കീഴിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സെന്ററിന്റെ പുരോഗതിക്ക് ഈ മാറ്റം സഹായകരമാവുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കെട്ടിടനിർമ്മാണം

732 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാർക്കുള്ള മണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും ഫണ്ട് ഉപയോഗിച്ച് മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ട് എത്ര നാളായെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച നിർദ്ദേശം എം.എൽ.എ. സമർപ്പിച്ചത് മുതൽ ആയതിന്റെ ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ ഏതെല്ലാം സീറ്റുകളിൽ എത്ര കാലംവീതം കെട്ടിക്കിടന്നു എന്നത് സംബന്ധിച്ച് തീയതി തിരിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകുമോ ;

(സി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് സ്റ്റേറ്റ് നിർമ്മിതി കേന്ദ്രവുമായി ആരോഗ്യവകുപ്പ് എഗ്രിമെന്റ് ഒപ്പിട്ടിട്ട് എത്ര നാളായെന്ന് പറയാമോ ; ആയതിലേക്ക് ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച തുക സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഡി) ഉദ്യോഗസ്ഥരുണ്ടാക്കുന്ന കാലതാമസം മൂലം ഈ കെട്ടിടം നിർമ്മിക്കാനുണ്ടാകുന്ന കാലതാമസംമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം തിട്ടപ്പെടുത്തി ആയത് ജീവനക്കാരിൽനിന്നും ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; കെട്ടിട നിർമ്മാണം പൂർത്തിയാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പുളിങ്കുന്ന് താലൂക്ക് ആശുപത്രി</u>

733 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച ആർ. ഒ. പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഗ്രൗണ്ട് പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>തെക്കേക്കര പഞ്ചായത്തിലെ കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ</u>

734 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെക്കേക്കര പഞ്ചായത്തിലെ കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ചുനക്കര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ സ്റ്റാഫ് ഇല്ല എന്നും സ്റ്റാഫിനെ നിയമിക്കണം എന്നും ആവശ്യപ്പെട്ടുള്ള കത്ത് ലഭ്യമായിട്ടുണ്ടോ; സ്റ്റാഫിനെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തെക്കേക്കര വരേണിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം ശോച്യാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുമോ; ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലാ ആശുപത്രി</u>

735 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) നടപ്പു വർഷത്തിൽ ജനറൽ ആശുപത്രി ആയി ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കുമോ; വ്യക്തമാക്കാമോ;

(ഡി) 2014-15 സാമ്പത്തിക വർഷം കൊല്ലം ആസ്ഥാനമാക്കി സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി താലൂക്കാശുപത്രി വികസനം</u>

736 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കാശുപത്രിയുടെ വികസനവും കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയുടെ വിവിധ ആവശ്യങ്ങളും പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) നിർദ്ദേശം ലഭിക്കാനുണ്ടായ കാലതാമസം എന്താണ്; ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ചാലക്കുടി താലൂക്ക് ആശുപത്രി വികസനം

737 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഇന്റൻസീവ് കെയർ യൂണിറ്റ്, ട്രോമകെയർ യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ബി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ ഷോപ്പ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ താലൂക്ക് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം</u>

738 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്ഥലപരിമിതി മൂലം പ്രയാസം അനുഭവപ്പെടുന്ന പയ്യന്നൂർ താലൂക്ക് ആശുപത്രിയ്ക്ക് പുതുതായി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച കെട്ടിടം ഉപയോഗ യോഗ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മലപ്പുറം ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ

739 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ആസ്ഥാനത്ത് സ്ഥാപിക്കുന്ന പബ്ലിക് ഹെൽത്ത് ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ലാബിൽ ഉണ്ടാവുകയെന്നും ഇതിലേയ്ക്കാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ:

(സി) താൽക്കാലിക കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ലാബിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ലാബിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ശാന്തിവിള താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

740 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം മണ്ഡലത്തിലെ ശാന്തിവിള താലൂക്ക് ആശുപത്രിയിൽ സർക്കാർ അധികാരമേറ്റതിനു ശേഷം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് തുക, ഇനം, നടപ്പാക്കിയ തീയതി എന്നിങ്ങനെ വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ഐരാണിമുട്ടം ഗവൺമെന്റ് ആശുപത്രിയുടെ നവീകരണം

741 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ ഐരാണിമുട്ടം ഗവൺമെന്റ് ആശുപത്രി നവീകരിച്ച് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ആയതിനായി ചിലവഴിച്ച തുക എത്രയെന്ന് ഇനം, തീയതി എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കുന്നംകുളം സർക്കാർ താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ</u>

742 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം സർക്കാർ താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ എന്നാണ് അടച്ചുപൂട്ടിയത് ; ഓപ്പറേഷൻ തിയേറ്റർ അടച്ചുപൂട്ടാനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) ധാരാളം രോഗികൾ ചികിത്സ തേടിയെത്തുന്ന കുന്നംകുളം സർക്കാർ താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ തുറന്നു പ്രവർത്തിപ്പിക്കാൻ കുന്നംകുളം നഗരസഭയോ, ആരോഗ്യവകുപ്പോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ചേർത്തല താലൂക്ക് ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റ്</u>

743 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതുതായി പണികഴിപ്പിച്ചിട്ടുള്ള ട്രോമാകെയർ യൂണിറ്റിന്റെ ഉദ്ഘാടനം ചെയ്ത് മാസങ്ങൾ പലത് കഴിഞ്ഞിട്ടും ട്രോമാകെയർ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്നു പറയാമോ ; ട്രോമാകെയർ ആരംഭിക്കുന്നതിനുവേണ്ട ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, സ്കാനിംഗ് സംവിധാനം ഉൾപ്പെടെയുള്ള മറ്റ് ക്രമീകരണങ്ങൾ എന്നിവയൊന്നും ഇനിയും അനുവദിക്കാത്തതും സ്ഥാപിക്കാത്തതും എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ; ട്രോമാകെയർ പ്രവർത്തനം തുടങ്ങാത്തതിനാൽ വിവിധ മേഖലയിൽനിന്നും പ്രതിഷേധം ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോടികൾ മുടക്കി ചേർത്തല താലൂക്ക് ആശുപത്രിയിൽ ഒരുക്കിയിട്ടുള്ള ട്രോമാകെയർ യൂണിറ്റിൽ അതിനുപകരം നിലവിൽ ആശുപത്രിയിലുള്ള ക്യാഷ്വാലിറ്റി മാറ്റി പ്രവർത്തിപ്പിക്കുവാൻ ആരോഗ്യവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) ചേർത്തല ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റ് ശരിയായ തരത്തിൽ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; ജനങ്ങളുടെ പ്രതിഷേധം രൂക്ഷമാകുന്നതിനുമുമ്പ് ട്രോമാകെയർ യൂണിറ്റ് അടിയന്തിരമായി തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഐ. സി. യൂണിറ്റുകളിലെ സൗകര്യങ്ങൾ</u>

744 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര ഐ. സി. യൂണിറ്റുകളാണുള്ളത്;

(ബി) ഓരോ വിഭാഗത്തിലും എത്ര രോഗികളെ പരിചരിക്കുന്നതിനുള്ള സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത്;

(സി) ഉൾക്കൊള്ളാവുന്നതിലധികം രോഗികൾ ഐ.സി.യു.കളിൽ എത്തുമ്പോൾ ഇവരെ പരിചരിക്കുന്നതിന് സ്വീകരിച്ചുവരുന്ന മറ്റ് മാർഗ്ഗങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇന്റൻസീവ് കെയർ ആവശ്യമായ മുഴുവൻ രോഗികൾക്കും സൗകര്യം ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്തുവാൻ ശ്രദ്ധിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

പട്ടാമ്പി താലൂക്ക് ആശുപത്രിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാൻ നടപടി

745 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പിയിലെ സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ട് വർഷങ്ങളായെങ്കിലും അടിസ്ഥാന സൗകര്യങ്ങളോ ആവശ്യത്തിന് സ്റ്റാഫോ അനുവദിക്കപ്പെട്ടിട്ടില്ല. പട്ടാമ്പി താലൂക്ക് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടാമ്പി താലൂക്ക് ആശുപത്രിക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നവീകരണ പ്രവർത്തനങ്ങൾ</u>

746 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്വന്തമായി വാർഡുകളില്ലാത്ത എത്ര യൂണിറ്റുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) സ്വന്തമായി ഓപ്പറേഷൻ തിയേറ്ററില്ലാത്ത ഏതെങ്കിലും യൂണിറ്റ് ഉണ്ടോ; എങ്കിൽ അത് ഏതാണ് എന്ന് വിശദമാക്കാമോ;

(സി) മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം എന്നാണ് പ്രവർത്തനം ആരംഭിച്ചത് എന്നും പ്രസ്തുത കെട്ടിടത്തിന് എത്ര നിലകളുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ നിലകളിൽ എന്തൊക്കെ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ;

(ഇ) സ്വന്തമായി വാർഡുകളും ഓപ്പറേഷൻ തിയേറ്ററുകളുമില്ലാത്ത യൂണിറ്റുകളെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്ക് മാറ്റാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ യൂണിറ്റുകളെയാണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കായംകുളം താലൂക്കാശുപത്രിയിലെ ശൗചാലയങ്ങളുടെ ശോച്യാവസ്ഥ

747 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിലെ ശൗചാലയങ്ങൾ പൊട്ടി വിസർജ്ജ്യവസ്തുക്കൾ പട്ടണത്തിലെ പൊതുനിരത്തിലൂടെ ഒഴുകി പൊതുജനാരോഗ്യ പ്രശ്നം സൃഷ്ടിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി</u>

748 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

കൊരട്ടി തിരുമുടിക്കുന്നിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ 110 ഏക്കർ സ്ഥലത്ത് ആശുപത്രിയുടെ ആവശ്യം കഴിച്ചുള്ള സ്ഥലത്ത് ആരോഗ്യമേഖലയിലെ വികസനപദ്ധതികളായ മെഡിസിറ്റി മദ്ധ്യകേരളത്തിൽ ഒരു ക്യാൻസർ ആശുപത്രി, ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിലുള്ള സ്ഥാപനം തുടങ്ങിയവയിലേതെങ്കിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത കാര്യത്തിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയം ചെയ്യുന്നതിനു നടപടി</u>

749 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1961-നുശേഷം സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ എണ്ണത്തോടൊപ്പം, അവിടെ ആരംഭിച്ചിട്ടുള്ള ഐ.സി.യു. സംവിധാനം, സ്കാനിംഗ്, ഓപ്പറേഷൻ തിയേറ്ററുകൾ തുടങ്ങിയ പുതിയ ചികിത്സാ യൂണിറ്റുകൾ കൂടി കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയം ചെയ്യേണ്ടതാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയം ചെയ്യാൻ എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ആരംഭിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം

750 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന പ്രകാരം ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനത്തിനായി സർക്കാർ അനുമതി നൽകിയ എത്രപേർക്ക് ഹെൽത്ത് സർവ്വീസ് ഡയറക്ടർ ഉത്തരവ് നൽകാനുണ്ട്;

(ബി) ഇപ്രകാരം നിയമന ഉത്തരവ് നൽകേണ്ടവർക്ക് ഡയറക്ടറേറ്റിൽ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ പ്രസ്തുത നിയമനത്തിനായി അനുമതി ലഭിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; അവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ ആരോഗ്യമിഷനിൽ നിന്നും പിരിച്ചു വിടപ്പെട്ടവർ

751 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം, ദേശീയ ഗ്രാമീണ ആരോഗ്യ മിഷനിൽ നിന്നും പിരിച്ചുവിടപ്പെട്ടവർ ഏതെല്ലാം തസ്തികയിൽ എത്രപേർ വീതമാണെന്ന് വെളിപ്പെടുത്തുമോ:

(ബി) ആയത് സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(സി) എൻ. ആർ. എച്ച്. എം. വിന്യസിച്ച എത്ര ജീവനക്കാർ നിലവിൽ ആശുപത്രികളിൽ ജോലി ചെയ്യുന്നുണ്ട്?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സ്റ്റാഫ് നഴ്സുമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ്</u>

752 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലാണ് സ്റ്റാഫ് നഴ്സുമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളത്;

(ബി) ഓരോ ജില്ലയിലും റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നതെന്നാണ്;

(സി) ഓരോ ജില്ലയിലും സ്റ്റാഫ് നഴ്സുമാരുടെ എത്ര വേക്കൻസി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലെ സ്റ്റാഫ് നഴ്സുമാരുടെ വേക്കൻസികൾ കൂടി അതതു ജില്ലകളിലെ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാനായി റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ഉത്തരവ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ ആരോഗ്യപദ്ധതിയിൽ ജൂനിയർ പി.എച്ച്.എൻ</u>

753 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകേരളം പദ്ധതിയിലെ സ്കൂൾ ആരോഗ്യ പദ്ധതിയിൽ ജോലി നോക്കുന്ന സ്കൂൾ ഹെൽത്ത് ജൂനിയർ പി.എച്ച്.എൻ മാരെ നിയമിച്ചത് എന്നു മുതലാണ്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ചുമതലകളാണ് ജെ.പി.എച്ച്.എൻ കാർക്ക് നൽകി വന്നത്;

(സി) പ്രസ്തുത പദ്ധതിയിൽ ഇപ്പോൾ ജെ.പി.എച്ച്.എൻ മാരുടെ സ്ഥാനത്ത് ബി.എസ്.സി, എം.എസ്.സി നഴ്സുമാരെ നിയമിക്കാൻ നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ സാഹചര്യങ്ങൾ വിശദമാക്കുമോ;

(ഡി) സ്കൂൾ ആരോഗ്യ പദ്ധതിയിൽ സ്കൂൾ ഹെൽത്ത് ജൂനിയർ പി.എച്ച്.എൻ മാരെ തന്നെ തുടർന്നും നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ആരോഗ്യവകുപ്പിലെ സീനിയോറിറ്റി</u>

754 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഏതെല്ലാം തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റുകളാണ് പുന:ക്രമീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) സീനിയോറിറ്റി നിശ്ചയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും പുന:ക്രമീകരണം നടത്തുന്നതിനു മുമ്പ് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരത്തെ സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ വിവരം</u>

755 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ അധികാരമേറ്റതിനു ശേഷം തിരുവനന്തപുരം തൈക്കാട് സർക്കാർ ആശുപത്രി, ജനറൽ ആശുപത്രി, ഫോർട്ട് ആശുപത്രി എന്നിവിടങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരുടെ പേര്, മേൽവിലാസം, തസ്തിക, നിയമിക്കപ്പെട്ട തീയതി, പ്രതിദിനശമ്പളം- എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ വിവിധ ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ</u>

756 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താലൂക്ക് ആശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയിൽ ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ ഏതെല്ലാം ആശുപത്രികളിൽ/ഹെൽത്ത് സെന്ററുകളിൽ ആണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) താന്നൂർ നിയോജകമണ്ഡലത്തിലെ പി. എച്ച്. സി. കൾ, സി. എച്ച്. സി. കൾ എന്നിവിടങ്ങളിലെ ഒഴിവുകൾ എന്നത്തേയ്ക്ക് നികത്താനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

757 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ജില്ലാ ആശുപത്രിയിലും ഡോക്ടർമാരുടെ നിരവധി ഒഴിവുകളുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മണ്ഡലം തിരിച്ചുള്ള ആശുപത്രികളും ഓരോന്നിലുമുള്ള ഒഴിവുകളുടെ വിവരങ്ങളും ലഭ്യമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽനിന്നും എത്ര ഡോക്ടർമാർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് നൽകി ജില്ലയ്ക്ക് പുറത്ത് നിയമിച്ചിട്ടുണ്ടെന്നത് വിശദമാക്കുമോ;

(സി) പാലക്കാട് ജില്ലയിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ സമയബന്ധിതമായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കായംകുളം താലൂക്കാശുപത്രിയിൽ അനസ്തറ്റിസ്റ്റിന്റെ സേവനം</u>

758 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ അനസ്തെറ്റിസ്റ്റിന്റെ സേവനം ഏതെല്ലാം ദിവസങ്ങളിലാണ് ലഭ്യമാകുന്നത്;

(ബി) പ്രസ്തുത ആശുപത്രിയിൽ സ്ഥിരമായി ഒരു അനസ്തെറ്റിസ്റ്റിന്റെ സേവനം ലഭ്യമാകാത്തതിനാൽ അടിയന്തര ശസ്ത്രക്രിയകൾ നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്ഥിരമായി ഒരു അനസ്തെറ്റിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

അപകടത്തിൽപ്പെടുന്ന രോഗികൾക്കുള്ള ചികിത്സാസഹായം

759 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യ കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിലും മറ്റുംപെട്ട് അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് എക്സ്റേ, സ്കാനിംഗ് തുടങ്ങിയ സേവനങ്ങൾ സൗജന്യമായി നൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ, ഇക്കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കായംകുളം താലൂക്കാശുപത്രിയിൽ സർജ്ജന്റെ സേവനം

760 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ ഓരത്ത് സ്ഥിതിചെയ്യുന്ന കായംകുളം താലൂക്കാശുപത്രിയിൽ സർജ്ജന്റെ സേവനം ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി അത്യാഹിതങ്ങൾ നടക്കുന്ന ദേശീയപാതയോട് ചേർന്നു സ്ഥിതി ചെയ്യുന്ന പ്രസ്തുത ആശുപത്രിയിൽ അടിയന്തരമായി ഒരു സർജ്ജനെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മാവേലിക്കര ജില്ലാ ആശുപത്രിയിലെ ജീവനക്കാരുടെ കുറവ്

761 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആവശ്യമുള്ള ഡോക്ടർമാർ, നഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനിംഗ് സ്റ്റാഫ്, ലാബ് എക്സ്-റെ ടെക്നീഷ്യൻ തുടങ്ങിയവർ ഇല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പതിനാറ് കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ച് നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാരുണ്യ ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പുതുക്കാട് മറ്റത്തൂർ സർക്കാർ ആശുപത്രിയിലെ നിയമനം</u>

762 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ മറ്റത്തൂർ സർക്കാർ ആശുപത്രിയിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാൽ നൈറ്റ് ഡ്യൂട്ടിക്കുൾപ്പെടെ ജീവനക്കാർ ഇല്ലാത്ത ദിവസങ്ങൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഴുവൻ സമയവും പ്രവൃത്തിക്കുന്ന വിധത്തിൽ വേണ്ടത്ര ജീവനക്കാരെ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ നിയമനം</u>

763 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ സ്പെഷ്യലിസ്റ്റ് കേഡറിലുള്ള ഡോക്ടർമാരുടെ തസ്തിക അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ബി) സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര ഡോക്ടർമാരുടെ തസ്തിക പുതുതായി അനുവദിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെ ആശുപത്രികളിൽ എത്രയെണ്ണം വീതമാണന്നും വ്യക്തമാക്കാമോ ;

(സി) നെടുങ്ങോലം താലൂക്ക് ആശുപത്രിയിലെ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവും, പൊതു ആവശ്യവും കണക്കിലെടുത്ത് അത്യാവശ്യംവേണ്ട സ്പെഷ്യാലിറ്റി കേഡർ തസ്തിക അനുവദിച്ച് നൽകുവാൻ സാദ്ധ്യമാകുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

നഴ്സിംഗ് അസിസ്റ്റന്റായി സ്ഥാനക്കയറ്റം

764 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, നിയമന രീതി എന്നിവ സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ നിലവിലുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) താഴ്ന്ന തസ്തികയിൽനിന്ന് സ്ഥാനക്കയറ്റം നൽകി നഴ്സിംഗ് അസിസ്റ്റന്റുമാരായി ജോലി ചെയ്യുന്ന എത്ര പേരാണ് ഉള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) വൈദഗ്ദ്ധ്യം ആവശ്യമുള്ള ഇത്തരം തസ്തികകളിൽ പ്രസ്തുത രീതിയിൽ നിയമിക്കുന്നതിലൂടെ നിയമപരമായും രോഗികൾക്ക് ലഭിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതായി പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ആരോഗ്യമേഖലയിലെ ഇത്തരം പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ഫലപ്രദമായ എന്തെല്ലാം മാർഗ്ഗമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ആലത്തൂർ താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

765 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടർ ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കണ്ണൂർ ജില്ലയിലെ ആരോഗ്യകേന്ദ്രങ്ങളിലെ ജീവനക്കാരുടെ തസ്തികകൾ

766 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഓരോ സാമൂഹികാരോഗ്യകേന്ദ്രത്തിലും വിവിധ വിഭാഗത്തിലുള്ള ഡോക്ടർമാരുടെയും ജീവനക്കാരുടെയും ആകെ തസ്തികകൾ എത്ര ; ഇപ്പോൾ ഒഴിവുള്ള തസ്തികകൾ എത്ര ; വിശദമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിലെ ഓരോ പ്രാഥമികാരോഗ്യകേന്ദ്രത്തിലെയും ഡോക്ടർമാരുടെയും വിവിധ വിഭാഗം ജീവനക്കാരുടെയും ആകെ തസ്തികകൾ എത്ര ; ഇപ്പോൾ ഒഴിവുള്ള തസ്തികകൾ എത്ര ; വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ സ്റ്റാഫ് നഴ്സ്മാരുടെ തസ്തിക</u>

767 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ വിവിധ ഗവണ്‍മെന്റ് ആശുപത്രികളിലായി ഒഴിഞ്ഞുകിടക്കുന്ന സ്റ്റാഫ് നഴ്സ്മാരുടെ തസ്തികകളുടെ എണ്ണം എത്ര ; ഗ്രേഡ്-1, ഗ്രേഡ്-2 എന്ന രീതിയില്‍ വേര്‍തിരിച്ചു ലഭ്യമാക്കാമോ ;

(ബി) കണ്ണൂര്‍ ജില്ലയില്‍ സ്റ്റാഫ് നഴ്സ്മാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) എങ്കില്‍ ലിസ്റ്റില്‍ നിന്ന് നിയമനം നടത്താതെ പുറത്തുനിന്ന് താല്‍കാലിക ജീവനക്കാരെ നിയമിക്കുന്നതിന് കാരണമെന്താണെന്നു വിശദമാക്കാമോ ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ദിവസ വേതനക്കാർ</u>

768 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനു ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരുടെ പേര്, മേൽവിലാസം, തസ്തിക, നിയമിക്കപ്പെട്ട തീയതി, പ്രതിദിന ശമ്പളം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒഴിവുകൾ</u>

769 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ആവശ്യമായ ഡോക്ടർമാരും, ജീവനക്കാരും ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മങ്കട സി.എച്ച്.സി യിൽ സ്റ്റാഫ് പാറ്റേൺ മാനദണ്ഡ പ്രകാരമുള്ള ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ തസ്തികകൾ</u>

770 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ പുതുതായി ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുളളത്; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലേക്കുളള നിയമന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസിനാവശ്യമായ എല്ലാ തസ്തികകളും അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കുന്നംകുളം ഗവണ്‍മെന്റ് താലൂക്കാശുപത്രിയില്‍ ഡോക്ടര്‍ തസ്തിക

771 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുന്നംകുളം ഗവണ്‍മെന്റ് താലൂക്കാശുപത്രിയില്‍ അനുവദനീയമായ ഡോക്ടര്‍മാരുടെ തസ്തിക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആയതില്‍ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട് ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തിക നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കില്‍ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>തൃശ്ശൂർ പഴഞ്ഞി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

772 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർജില്ല-ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പഴഞ്ഞി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും അതിന് കീഴിൽ വരുന്ന പ്രൈമറി ഹെൽത്ത് സെന്ററിലും ആയി എത്ര ഡോക്ടർമാരുടെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പുതുക്കാട് താലൂക്ക് ആശുപത്രിയിലെ നിയമനം</u>

773 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ മതിയായ ജീവനക്കാർ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരേയും, പാരാമെഡിക്കൽ ജീവനക്കാരേയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കടുത്തുരുത്തി, കുറുപ്പന്തറ പിഎച്ച്.സി.-കള്‍ സി.എച്ച്.സി.-യായി ഉയര്‍ത്താന്‍ നടപടി</u>

774 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ എന്നിവിടങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങള്‍ കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററായി ഉയര്‍ത്തുന്നത് സംബന്ധിച്ച ഫയലിന്മേല്‍ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച സെക്രട്ടേറിയറ്റ് ഫയല്‍ നമ്പര്‍ ലഭ്യമാക്കാമോ;

(ബി) പി.എച്ച്.സി-കള്‍ സി.എച്ച്.സി.-കള്‍ ആക്കുന്നത് സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ ;

(സി) നടപ്പുസാമ്പത്തികവര്‍ഷം ഏതൊക്കെ പി.എച്ച്.സി-കള്‍ സി.എച്ച്.സി.-കള്‍ ആയി ഉയര്‍ത്തി ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ

775 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തികകളും നിലവിൽ ജോലി ചെയ്യുന്നവരും അവധി എടുക്കുകയോ വർക്കിംഗ് അറേഞ്ചുമെന്റുവഴി മറ്റിടങ്ങളിൽ ജോലി ചെയ്യുകയോ ചെയ്യുന്നവരുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ സർജന്റെ തസ്തിക എന്നുമുതൽ ഒഴിഞ്ഞുകിടക്കുകയാണെന്നും വ്യക്തമാക്കുമോ; ആധുനിക സൗകര്യങ്ങളോടെയുള്ള ഓപ്പറേഷൻ തീയേറ്ററുണ്ടെങ്കിലും സർജന്റെ അഭാവംമൂലം ആയതിന്റെ ഗുണഫലം പാവപ്പെട്ട രോഗികൾക്ക് ലഭിക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) താലൂക്കാശുപത്രി നിലവാരത്തിൽ പ്രവർത്തിക്കണമെങ്കിൽ ആവശ്യമായ തസ്തികകൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ; റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിന് മാത്രം തസ്തികകൾ ഒഴിവാക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ശബരിമലയുടെ താലൂക്കാശുപത്രി എന്ന പരിഗണന നൽകി, റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ മതിയായ തസ്തികകൾ അനുവദിക്കുന്നതിനും ഇവിടെ ജോലി ചെയ്യാൻ താല്പര്യപ്പെട്ട് അപേക്ഷ നൽകുന്നവർക്ക് സ്ഥലംമാറ്റം നൽകുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ആലപ്പുഴ മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ

776 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും എത്ര ഒഴിവുകൾ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പാരാമെഡിക്കൽ സ്റ്റാഫിന്റെ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ;

(സി) ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ദന്തൽ ഹൈജീനിസ്റ്റ്, തിയേറ്റർ അസിസ്റ്റന്റ്, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, തിയേറ്റർ മെക്കാനിക് എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അനുവദനീയമായ തസ്തികകൾ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ശിശുമരണങ്ങൾ</u>

777 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിൽ 2011 ജൂൺ മുതൽ 2013 ഡിസംബർ 31 വരെ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

അട്ടപ്പാടിയിലെ നവജാതശിശുക്കളുടെ മരണം

778 ശ്രീ. എ. കെ. ബാലൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. വി. വിജയദാസ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യ കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ഗർഭസ്ഥ ശിശുക്കളുടെയും നവജാത ശിശുക്കളുടെയും മരണത്തിനിടയായ കാരണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്പോഴും തുടരുന്ന ശിശുമരണവും ഗർഭമലസലും തടയാനായി ആരോഗ്യവകുപ്പ് 2013 ഏപ്രിൽ മുതൽ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാമോ;

(സി) അട്ടപ്പാടി മേഖലയിലെ സി.എച്ച്.സി, പി.എച്ച്.സി.കൾ ഉൾപ്പെടെയുള്ള സർക്കാരാശുപത്രികളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും മറ്റു ജീവനക്കാരുടെയും ഒഴിവു നികത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) ശിശുമരണം ഇല്ലാതാക്കാനായി എന്തു പുതിയ പരിപാടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ജീവിതശൈലീരോഗങ്ങൾ

779 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയവ തടയാൻ പ്രത്യേകമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുവരെ ആയതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പനി ബാധിച്ച് മരണപ്പെട്ടവരുടെ വിവരം</u>

780 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ1 പനി, തക്കാളിപ്പനി, ചിക്കൻഗുനിയ, മലമ്പനി എന്നിവ ബാധിച്ച് ശുശ്രൂഷയിലിരുന്ന എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) 2013 വർഷത്തിൽ ഇത്തരം പനികൾ ബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് മാസം തിരിച്ച് കണക്ക് വിശദമാക്കുമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ തീരപ്രദേശങ്ങളിലെ മന്ത് രോഗികൾ

781 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി അടക്കമുള്ള തീരപ്രദേശങ്ങളിൽ ഫൈലേറിയ രോഗികൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മന്ത് രോഗികളുടെ എണ്ണത്തിൽ പൊന്നാനിയെ ഹോട്ട്സ്പോട്ട് ആയി ആരോഗ്യ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ;

(സി) പൊന്നാനിയിൽ ഉണ്ടായിരുന്ന പെറ്റർ കൺട്രോൾ യൂണിറ്റ് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ന് തുടങ്ങാനാകും;

(ഡി) ആവശ്യത്തിന് ഫീൽഡ് വർക്കർ തസ്തികകൾ മലപ്പുറം ജില്ലയിൽ നിലവിലില്ലാത്തത് രോഗപ്രതിരോധ രംഗത്ത് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(ഇ) നിലവിൽ എത്ര ഫീൽഡ് വർക്കർ തസ്തികകളാണ് മലപ്പുറം ജില്ലയിൽ ഉളളത്; ജനസംഖ്യാനുപാതികമായി തസ്തികകൾ നിലവിലുണ്ടോ;

(എഫ്) ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ തൈറോയിഡ് രോഗനിർണ്ണയം</u>

782 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ തൈറോയിഡ് രോഗനിർണ്ണയത്തിന് സർക്കാർ മേഖലയിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കാൻസർ ചികിത്സാലയങ്ങൾ</u>

783 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന എത്ര കാൻസർ ചികിത്സാലയങ്ങൾ നിലവിലുണ്ട്; ഏതെല്ലാം;

(ബി) പ്രസ്തുത ചികിത്സാലയങ്ങൾക്ക് നടപ്പുവർഷം നാളിതുവരെ എന്തു തുക അനുവദിച്ചു; ഇതിൽ കേന്ദ്ര വിഹിതം എത്ര; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ചികിത്സാലയങ്ങളിൽ നടപ്പുവർഷം എത്ര പേർ ചികിത്സയ്ക്ക് എത്തിയെന്നും ഇവരിൽ സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ എന്നിങ്ങനെ എ. പി. എൽ, ബി. പി. എൽ പ്രകാരം തരം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) നിലവിൽ എത്ര പേർക്ക് കാൻസർ പെൻഷൻ ലഭിക്കുന്നു; എത്ര രൂപയാണ് പ്രതിമാസ പെൻഷൻ; ഏത് മാസം വരെ പെൻഷൻ നൽകി; എത്ര മാസത്തെ കുടിശ്ശികയുണ്ട്; പെൻഷൻ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) എ. പി. എൽ., ബി. പി. എൽ വ്യത്യാസമില്ലാതെ എല്ലാ കാൻസർ രോഗികൾക്കും മരുന്നുകൾ ആശുപത്രികൾ വഴി സൗജന്യമായി നൽകുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(എഫ്) മരുന്നുകൾ വാങ്ങാനായി മാത്രം എന്തു തുക പ്രസ്തുത ആശുപത്രികൾക്ക് നൽകിയെന്നും ആയതിൽ എന്തു തുക നാളിതുവരെ ചിലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത ആശുപത്രികളിൽ ഓരോന്നിലും എത്ര ഡോക്ടർമാരുൾപ്പെടെ മറ്റു ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത സർക്കാർ കാൻസർ ചികിത്സാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമുള്ള ഫണ്ടും മരുന്നുകളും ഡോക്ടർമാരെയും അനുബന്ധ സ്റ്റാഫുകളെയും ലഭ്യമാക്കാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനുള്ള കാരണം</u>

784 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; കാരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി</u>

785 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ കെയർ ഫോർ ലൈഫ് എന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ;

(ഡി) കാൻസർ ചികിത്സയ്ക്കായി ഇപ്പോൾ എന്തെല്ലാം ചികിത്സാ ആനുകൂല്യപദ്ധതികളും ഇൻഷുറൻസ് പദ്ധതികളുമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

തിരുവനന്തപുരം റീജയണൽ കാൻസർ സെന്റർ

786 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജയണൽ കാൻസർ സെന്റർ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) റീജയണൽ കാൻസർ സെന്റർ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നിലവിലുണ്ടോ ; എങ്കിൽ എന്ന് മുതലാണ് ആയത് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നത്</u>

787 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സൗജന്യമായി ലഭിച്ച ആറര ഏക്കർ സ്ഥലവും കെട്ടിടവും നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലശ്ശേരി കാൻസർ സെന്ററിന് പ്രസ്തുത സ്ഥലം കൈമാറിയിട്ടുണ്ടോ;

(സി) തലശ്ശേരി കാൻസർ സെന്ററിന് പ്രസ്തുത സ്ഥലം ഏറ്റെടുക്കാൻ സാധിക്കില്ലെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ കൈമാറ്റ ഉത്തരവ് റദ്ദു ചെയ്ത് കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കാര്യത്തിന് പ്രത്യേക ഗ്രാന്റ് അനുവദിക്കാനുള്ള 33294/ജെ.1/2012/എച്ച്&എഫ്.ഡബ്ല്യൂ.ഡി നമ്പർ ഫയലിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം</u>

788 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദക്ഷിണകേരളത്തെ അപേക്ഷിച്ച് മലബാറിൽ കാൻസർ രോഗികളുടെ എണ്ണം വളരെക്കൂടുതലാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലബാറിൽ കാൻസറിന് ആധുനികചികിത്സാ സംവിധാനങ്ങളുടെ കുറവ് രോഗികൾക്കു പ്രയാസമുണ്ടാക്കുന്നതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) മാവൂരിലെ തെങ്ങിലക്കടവിൽ കാൻസർ ചികിത്സയ്ക്കായി ആധുനികസൗകര്യങ്ങളോടെയുള്ള ആശുപത്രി പണിയുന്നതിന് സൗജന്യമായി ലഭിച്ച ആറര ഏക്കർ സ്ഥലവും കെട്ടിടങ്ങളും ഉപയോഗിക്കാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലത്ത് ആധുനികസൗകര്യങ്ങളോടെയുള്ള ക്യാൻസർ ചികിത്സാകേന്ദ്രം ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>എന്‍ഡോസള്‍ഫാന്‍ ബാധിതരുടെ തുടര്‍ചികിത്സ</u>

789 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

എന്‍ഡോസള്‍ഫാന്‍ ബാധിതരായ കണ്ണൂര്‍ ജില്ലയിലെ കാങ്കോല്‍-ആലപ്പറമ്പ്, പെരിങ്ങോം-വയക്കര-പഞ്ചായത്തുകളിലെ രോഗികള്‍ക്ക് തുടര്‍ചികിത്സയ്ക്കുവേണ്ട എന്തെല്ലാം നടപടികളാണ് സര്‍ക്കാര്‍ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ആശുപത്രികളിലെ ഖര/ജല മാലിന്യങ്ങളുടെ സംസ്കരണം</u>

790 ശ്രീ. എം. ഉമ്മര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പ്രധാന ആശുപത്രികളിലെ ഖര/ജല മാലിന്യങ്ങള്‍ സംസ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) 1998-ലെ ബയോമെഡിക്കല്‍ വേസ്റ്റ് (മാനേജ്മെന്റ് & ഹാന്റിലിംഗ്) റൂള്‍സ് പ്രകാരം മലിനീകരണ നിയന്ത്രണ ബോര്‍ഡിന്റെ ആതറൈസേഷന്‍ എടുക്കാത്ത ആശുപത്രികളെ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റൂള്‍സ് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>എൻഡോസൾഫാൻ ഇരകൾക്ക് ആനുകൂല്യം</u>

791 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ഇരകൾക്ക് ആനുകൂല്യം അനുവദിച്ചവരുടെ ലിസ്റ്റിൽ നിലവിൽ എത്ര പേരാണുള്ളത്;

(ബി) ഇരകളാണെങ്കിലും ലിസ്റ്റിൽ ഉൾപ്പെടാത്തവർ നിരവധിയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവരെക്കൂടി ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കാൻ മെഡിക്കൽ ക്യാമ്പ് നടത്തിയിരുന്നോ; എങ്കിൽ എന്ന്; എത്ര പേർ ക്യാമ്പിൽ പങ്കെടുത്തു;

(ഡി) ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും എത്രപേരെ കൂടുതലായി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ഇ) ഇല്ലെങ്കിൽ എത്രയുംവേഗം ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>മൊബൈൽ ഫോൺ ഉപയോഗം</u>

792 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മൊബൈൽ ഫോൺ ഉപയോഗം കുട്ടികളിൽ ഓർമ്മക്കുറവ് സൃഷ്ടിക്കുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പെന്റാവാലന്റ് കുത്തിവെയ്പ്</u>

793 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജി. സുധാകരൻ
,, ആർ. രാജേഷ്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാരംഭ പദ്ധതിയായി സംസ്ഥാനത്ത് ആരംഭിച്ച പെന്റാവാലന്റ് കുത്തിവെയ്പിനെക്കുറിച്ച് നടത്തിയ അവലോകന റിപ്പോർട്ട് പഠിച്ചിരുന്നോ; വിശദമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കുത്തിവെയ്പ്പുകാരണം 18 കുട്ടികൾ മരിക്കാനിടയായതിനെക്കുറിച്ച് പഠനം നടത്തിയിരുന്നോ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കുത്തിവെയ്പ്പിനെക്കുറിച്ച് ആരോഗ്യ വിദഗ്ദ്ധർക്കും പൊതുജനങ്ങൾക്കുമുള്ള ആശങ്ക ദൂരീകരിക്കുന്നതുവരെ പദ്ധതി നിർത്തിവെയ്ക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പെന്റാവാലന്റ് വാക്സിനേഷൻ</u>

794 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെന്റാവാലന്റ് വാക്സിൻ കുട്ടികൾക്ക് നൽകുന്നതിന് എപ്പോഴാണ് തുടക്കം കുറിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വാക്സിൻ കുട്ടികൾക്ക് എന്തിനുവേണ്ടിയാണ് നൽകുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത മരുന്ന് എവിടെനിന്നാണ് ലഭ്യമാക്കുന്നത്;

(സി) പ്രസ്തുത മരുന്ന് ഉപയോഗിച്ചതുമൂലം കുട്ടികൾക്ക് മരണം സംഭവിച്ചിട്ടുണ്ടെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആയത് അന്വേഷിക്കുന്നതിന് സർക്കാർ ഉന്നതതല സംഘത്തെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സംഘം ഇത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്താണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രശ്നങ്ങൾ</u>

795 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ജീവനക്കാർ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>നാഷണൽ അക്രഡിറ്റേഷൻ ബോർഡ് അംഗീകാരമുള്ള ആശുപത്രികൾ</u>

796 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സിന്റെ അംഗീകാരമുള്ള എത്ര ആശുപത്രികൾ സംസ്ഥാനത്തുണ്ട് ;

(ബി) സ്വകാര്യ ആശുപത്രികളുടേയും, സർക്കാർ ആശുപത്രികളുടേയും വിശദാംശം വെവ്വേറെ നല്കുമോ ;

(സി) പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി നാഷണൽ അക്രഡിറ്റേഷൻ ബോർഡ് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകി വരുന്നു ; പ്രസ്തുത നിർദ്ദേശങ്ങൾ ഗൗരവമായി കാണുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാനിയമപ്രകാരമുള്ള പരിശോധനകള്‍</u>

797 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യസുരക്ഷാനിയമപ്രകാരം നടത്തിവന്നിരുന്ന പരിശോധനകള്‍ ഇപ്പോള്‍ കാര്യക്ഷമമല്ലെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ജൂണ്‍ മുതല്‍ ഡിസംബര്‍ വരെ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥര്‍ നടത്തിയ പരിശോധനകള്‍, കണ്ടെത്തലുകള്‍, സ്വീകരിച്ച നടപടി എന്നിവ ജില്ലതിരിച്ചു വിശദമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>പുവര്‍ പേഷ്യന്റ്സ് വെല്‍ഫെയര്‍ സൊസൈറ്റി</u>

798 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം പുവര്‍ പേഷ്യന്റ്സ് വെല്‍ഫെയര്‍ സൊസൈറ്റി മുഖേന എന്തു തുകയുടെ ചികിത്സാസഹായം വിതരണം ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും എത്രപേര്‍ക്ക് പ്രസ്തുതസഹായം നല്‍കിയിട്ടുണ്ടെന്നും, എന്തു തുക ഇതിനായി ചെലവഴിച്ചിട്ടു ണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പനിബാധിതർക്കുള്ള ചികിത്സാ ധനസഹായം</u>

799 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-2011 വർഷങ്ങളിൽ ചിക്കൻഗുനിയ ബാധിച്ച് മരണമടഞ്ഞ എത്രപേർക്ക് എന്ത് തുക വീതം ധനസഹായം നൽകി; എലിപ്പനി, ഡങ്കിപ്പനി തുടങ്ങിയവ ബാധിച്ച് മരണമടഞ്ഞ എത്രപേർക്ക്, എന്ത് തുക വീതം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പകർച്ചപ്പനി ബാധിച്ചവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നല്ലാതെ ചികിൽസാ ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ എന്ത് സഹായമാണ് പനി ബാധിച്ച് മരിച്ചവർക്ക് കൊടുത്തത്; അത് കൊടുക്കാൻ സന്നദ്ധമാണെന്ന് ബഹു. മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചതുപ്രകാരം പനിമൂലം മരിച്ചവരുടെ വിവരം ശേഖരിച്ചോ; എത്രപേർക്ക് കൊടുക്കാൻ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ആശാവര്‍ക്കര്‍മാരുടെ ഓണറേറിയം

800 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആശാവര്‍ക്കര്‍മാരുടെ ഓണറേറിയത്തില്‍ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അംഗണ്‍വാടിയിലെ ന്യൂട്രീഷ്യന്‍ ക്ലാസ്സുകള്‍ക്ക് എത്ര രൂപയായിരുന്നു അലവന്‍സ് നല്‍കിയിരുന്നതെന്നും ഇപ്പോള്‍ എത്രയാണ് നല്‍കുന്നതെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>തിമിര ശസ്ത്രക്രിയയെ തുടർന്ന് കാഴ്ച നഷ്ടപ്പെട്ട സംഭവം</u>

801 ശ്രീ. ബാബു എം. പാലിശ്ശേരി
,, പി. ശ്രീരാമകൃഷ്ണൻ
,, എസ്. ശർമ്മ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കാശുപത്രിയിൽ തിമിര ശസ്ത്രക്രിയയെ തുടർന്ന് ഒമ്പത് പേർക്ക് കാഴ്ച നഷ്ടപ്പെടാനിടയായതിനെ ക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ചികിത്സാപിഴവ് വരുത്തിയവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) കാഴ്ച നഷ്ടപ്പെട്ടവർക്ക് നല്കിയ സഹായവും നഷ്ടപരിഹാരവും എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സംഭവത്തിന്റെ പശ്ചാത്തലത്തിൽ മറ്റ് ആശുപത്രികളിൽ എന്തെങ്കിലും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) സൗജന്യക്യാമ്പുകളുടെ മറവിൽ സ്വകാര്യ ആശുപത്രികൾ തിമിര ശസ്ത്രക്രിയയ്ക്കായി ആളുകളെ കാൻവാസ് ചെയ്യുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

108 ആംബുലൻസുകൾ

802 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന 108 ആംബുലൻസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പൂർണ്ണമായും പ്രവർത്തനസജ്ജമായ എത്ര 108 ആംബുലൻസുകൾ ഇപ്പോൾ സർവ്വീസ് നടത്തിവരുന്നു;

(സി) 108 ആംബുലൻസുകളുടെ അറ്റകുറ്റപണിയുടെ ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 108 ആംബുലൻസുകളുടെ നിലവിലെ നടത്തിപ്പു ചുമതല നിക്ഷിപ്തമാക്കിയിട്ടുള്ളവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) 108 ആംബുലൻസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>108 ആംബുലൻസിന്റെ ക്രമക്കേട്</u>

803 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസുകൾ അധിക ദൂരം ഓടിച്ചതായി വ്യാജരേഖയുണ്ടാക്കി, അഴിമതി നടന്നു എന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയത്; അന്വേഷണത്തിൽ വെളിവാക്കപ്പെട്ട വസ്തുതകൾ വ്യക്തമാക്കാമോ;

(ബി) അന്വേഷണം നേരിടുന്ന സ്ഥാപനവുമായുള്ള കരാർ കാലാവധി അവസാനിച്ചത് എന്നാണ്; അതേ സ്ഥാപനത്തിന് വീണ്ടും കരാർ നല്കിയിട്ടുണ്ടോ;

(സി) നിലവിലുണ്ടായിരുന്ന കരാറിന്റെ കാലാവധി നീളുന്നതിനു മുൻപായി പുതിയ ടെണ്ടർ വിളിയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പുകയില ഉൽപന്നങ്ങളുടെ വിപണനം</u>

804 ശ്രീ. സി. മമ്മൂട്ടി
,, കെ.എം. ഷാജി
,, പി.കെ. ബഷീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുകയില ഉൽപന്നങ്ങളുടെ വിപണനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുസ്ഥലത്ത് പുകവലി നിരോധനം കർശനമാക്കിയ നടപടികളെത്തുടർന്ന് പുകവലിക്കാരുടെ എണ്ണം താൽക്കാലികമായി കുറഞ്ഞെങ്കിലും വീണ്ടും ആയതിൽ വർദ്ധനവുണ്ടാകുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ;

(സി) പുകയില ഉൽപന്നങ്ങൾ സ്കൂൾ പരിസരങ്ങളിൽനിന്ന് പൂർണ്ണമായി ഒഴിവാക്കുന്നതിനും, പാൻപരാഗ് പോലുള്ള ഹാനികരമായ പദാർത്ഥങ്ങൾ വിൽപന നടത്തുന്നത് കർശനമായി തടയുവാനും ആവശ്യമായ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

നിരോധിത ലഹരിപദാർത്ഥങ്ങളുടെ വിൽപന

805 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള പാൻപരാഗ് പോലുള്ള ലഹരി പദാർത്ഥങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് നിർബാധം കേരളത്തിലേയ്ക്ക് വരുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ ലഭ്യതയും വിൽപനയും പൂർണ്ണമായും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനം

806 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്ന് വാങ്ങി സൂക്ഷിക്കുന്ന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ എത്ര സംഭരണ ശാലകളാണ് നിലവിലുള്ളത്;

(ബി) സംഭരണ ശാലകൾ ഏതെങ്കിലും നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(സി) മരുന്ന് സംഭരണവും വിതരണവും സ്വകാര്യ മരുന്ന് കമ്പനികളെ നേരിട്ട് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ സംഭരണ ശാലകൾ പൂട്ടിയാൽ എത്ര പേർക്ക് തൊഴിൽ നഷ്ടമാകുമെന്ന് വ്യക്തമാക്കുമോ;

(ഇ) 2013-14 നടപ്പു വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അനുവദിച്ച ബജറ്റ് വിഹിതം എത്രയാണെന്നും എന്തു തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ വിപണനം</u>

807 ശ്രീ. എ. കെ. ബാലൻ
,, ജി. സുധാകരൻ
,, എ. പ്രദീപ് കുമാർ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നവരെല്ലാം ഫുഡ് സേഫ്റ്റി നിയമപ്രകാരം രജിസ്റ്റർ ചെയ്യുകയോ ലൈസൻസ് എടുക്കുകയോ ചെയ്തിരിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ലൈസൻസ് നൽകുകയോ രജിസ്ട്രേഷൻ അനുവദിക്കുകയോ ചെയ്യുന്നതിനുമുമ്പ് എന്തൊക്കെ പരിശോധനകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ; വ്യാപാരികൾ പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ബേക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷണശാലകളിൽ ചീഞ്ഞതും പഴകിയതുമായ മാംസാഹാരവും മറ്റും വിൽക്കുന്നതും നിത്യോപയോഗ സാധനങ്ങളിൽ പെട്രോളിയം ഉല്പന്നങ്ങൾ, ഫോർമാലിൻ തുടങ്ങിയ കാൻസറിനുവരെ കാരണമാകാവുന്ന രാസവസ്തുക്കൾ ചേർക്കുന്നതും വർദ്ധിച്ചുവരുന്നത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വീഴ്ച കൊണ്ടാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) നിയമലംഘനത്തിന്റെ പേരിൽ ലൈസൻസ് റദ്ദാക്കുകയും നിയമ നടപടിക്ക് വിധേയമാക്കുകയും ചെയ്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ</u>

808 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആശുപത്രി ഉപകരണങ്ങളും മരുന്നുകളും വാങ്ങിയതിൽ വ്യാപകമായ ക്രമക്കേട് നടന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏതൊക്കെ ആശുപത്രികൾക്കായി എന്തൊക്കെ ഉപകരണങ്ങൾ വാങ്ങിയെന്നും ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ എത്ര രൂപയുടെ മരുന്നുകൾ വാങ്ങി എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം റിപ്പോർട്ടു നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ എന്തൊക്കെ കണ്ടെത്തലുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങിയ മരുന്നുകളും ഉപകരണങ്ങളും</u>

809 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതു വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഓരോ വർഷവും എന്തു തുകയുടെ മരുന്നുകൾ, ഡയാലിസിസ് യന്ത്രങ്ങൾ ഉൾപ്പെടെ മറ്റു ചികിത്സാ യന്ത്രങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഏതെല്ലാം മരുന്നു കമ്പനികളിൽ നിന്ന് മരുന്നുകളും ഏതെല്ലാം കമ്പനികളിൽ നിന്ന് ചികിത്സാ സംബന്ധമായ യന്ത്രസാമഗ്രികളും, കമ്പ്യൂട്ടറുകളും വാങ്ങിയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മരുന്നുകൾ, യന്ത്ര സാമഗ്രികൾ എന്നിവ വാങ്ങാനായി എന്തെല്ലാം മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ കോർപ്പറേഷൻ വാങ്ങിയ മരുന്നുകൾ/ഉപകരണങ്ങൾ ഏതെല്ലാമെന്നും ഇതിന് അംഗീകാരം ലഭിച്ചുവോ എന്നും വ്യക്തമാക്കുമോ ;

(ഇ) ഇതുവഴി കോർപ്പറേഷന് എത്ര തുക നഷ്ടമായി ; വിശദമാക്കുമോ ;

(എഫ്) കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെയും കോർപ്പറേഷൻ നയിക്കുന്നവരുടെയും അനാസ്ഥ കാരണം കരാർ പ്രകാരം മരുന്നുകളും ചികിത്സാ ഉപകരണങ്ങളും വാങ്ങിയതിലും കരാർ പാലിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ജീവന്‍ രക്ഷാമരുന്നുകളുടെ ലഭ്യത</u>

810 ശ്രീ. പി. സി. ജോര്‍ജ്
,, എം. വി. ശ്രേയാംസ് കുമാര്‍
ഡോ. എന്‍. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യ കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജീവന്‍രക്ഷാമരുന്നുകളുടെയും വാക്സിനുകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ്;

(ബി) ജീവന്‍ രക്ഷാമരുന്നുകള്‍ക്കും വാക്സിനുകള്‍ക്കും കൃത്രിമ ക്ഷാമം സൃഷ്ടിക്കപ്പെടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(സി) അവശ്യമരുന്നുകളുടെയും വാക്സിനുകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനും, കൃത്രിമ മരുന്നുക്ഷാമം സൃഷ്ടിച്ച് രോഗികള്‍ക്ക് ഭീഷണി ഉയര്‍ത്തുന്ന സാഹചര്യങ്ങള്‍ ഒഴിവാക്കുന്നതിനും ഉതകുന്ന നിയമനിര്‍മ്മാണം നടത്താന്‍ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മരുന്നുകളുടെ സൗജന്യ വിതരണം

811 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്
,, ലൂഡിലൂയിസ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ മരുന്നുകളും സൗജന്യമായി രോഗികൾക്ക് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) എതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടു കൂടിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്; വ്യക്തമാക്കാമോ;

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നതെന്നു വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കാരുണ്യ ഫാർമസി</u>

812 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാരുണ്യ ഫാർമസികളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ജനറിക് മരുന്നുകളുടെ സൗജന്യവിതരണം

813 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' ജോസഫ് വാഴക്കൻ
'' കെ. മുരളീധരൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആർക്കെല്ലാമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ആശുപത്രികളിലാണ് പദ്ധതി നടപ്പാക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

ജീവന്‍ രക്ഷാമരുന്നുകളുടെ വില

814 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജീവന്‍ രക്ഷാമരുന്നുകളുടെ വില വര്‍ദ്ധനവ് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത് ;

(ബി) ജീവന്‍ രക്ഷാ മരുന്നുകള്‍ രോഗികള്‍ക്ക് വിലകുറച്ച് നല്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

(സി) സര്‍ക്കാര്‍ സംവിധാനങ്ങള്‍ മുഖാന്തിരം വില്ക്കുന്ന ജീവന്‍ രക്ഷാമരുന്നുകള്‍ക്ക് പൊതുവിപണിയില്‍ എന്ത് വിലയാണ് നല്കേണ്ടിവരുന്നത് എന്നുള്ള താരതമ്യപഠനം നടത്തിയിട്ടുണ്ടോ ; എങ്കില്‍ ഓരോ മരുന്നുകളുടെയും ഇനം തിരിച്ചുള്ള വിലനിലവാരം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>അർബുദരോഗത്തിനു മരുന്നു ക്ഷാമം</u>

815 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർബുദരോഗത്തിനു മരുന്നു ക്ഷാമം മൂലം കുട്ടികൾ ഉൾപ്പെടെയുള്ള നിരവധി രോഗികളുടെ ചികിത്സ മുടങ്ങിയതായ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ആർ.സി. സി യിൽ കീമോതെറാപ്പിക്കായി പ്രവേശിപ്പിച്ച നിരവധി രോഗികളെ മരുന്നു ലഭിക്കാത്തതിനാൽ തിരിച്ചയക്കാനിടയായ സംഭവം ഗൗരവമായി കാണുന്നുണ്ടോ;

(സി) കൃത്യമായ ഇടവേളകളിൽ രക്തത്തിന്റെ അളവ് വേണ്ട രീതിയിൽ ഉണ്ടാകുമ്പോഴേ ചികിത്സ നടത്താനാകൂ എന്നതിനാൽ ഇതുമൂലം രോഗികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകളും ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തി ആർ. സി. സി യിലെ തിരക്ക് കുറയ്ക്കാനും കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് അതിനു സൗകര്യമൊരുക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ജനറിക് മരുന്നു വില നിയന്ത്രിക്കാൻ നിയമനിർമ്മാണം</u>

816 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജനറിക് മരുന്നുകൾക്ക് പകരം വിലകൂടിയ കോംബിനേഷൻ മരുന്നുകൾ വിപണനം ചെയ്ത് ലാഭം കൊയ്യാനുള്ള മരുന്നു കമ്പനികളുടെ ശ്രമം തടയുവാൻ കേന്ദ്ര സർക്കാരുമായി സഹകരിച്ച് നിയമ നിർമ്മാണം നടത്തുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>നീതി മെഡിക്കൽസ്റ്റോറുകളിൽ മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കാൻ നടപടി</u>

817 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീതി മെഡിക്കൽ സ്റ്റോറുകളിൽനിന്നും ആവശ്യമായ മരുന്നുകൾ ജനങ്ങൾക്ക് ലഭ്യമല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതിനുകാരണം മരുന്നു ലോബികളുടെ ഇടപെടലാണെന്ന വാദം ശരിയാണോ ;

(സി) ജനങ്ങൾക്ക് ആവശ്യമായ എല്ലാതരം മരുന്നുകളും നീതിസ്റ്റോറിൽ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

കേരളീയരുടെ ആരോഗ്യ വിവരശേഖരണം

818 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളീയരുടെ ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിന് സർക്കാർ സഹായത്തോടെ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിവരശേഖരണത്തിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതെങ്കിലും വിദേശ ഏജൻസിയുമായി ഇതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന ആരോഗ്യ വിവരങ്ങൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമോ;

(ഇ) ഇതിനകം ശേഖരിക്കപ്പെട്ട വിവരങ്ങൾ പ്രസ്തുത കമ്പനി എവിടെയാണ് സൂക്ഷിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കാര്യത്തിനായി സർക്കാർ ഉത്തരവ് നല്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

**കേരള ഹെൽത്ത് ഒബ്സർവേറ്ററി ബേസ്ലൈൻ സ്റ്റഡി സർവ്വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

819 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എ. എം. ആരിഫ്
,, എസ്. ശർമ്മ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് ഒബ്സർവേറ്ററി ബേസ്ലൈൻ സ്റ്റഡി സർവ്വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) പ്രസ്തുത സർവ്വേയുമായി ബന്ധപ്പെട്ടു ലഭിച്ച വിദേശസഹായത്തിന്റെ വിവരവും, സർവ്വേയ്ക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങളും, ആയതിനായി ജീവനക്കാരെ നിയോഗിക്കാൻ 2013 മേയ് 18-ന് ഇറക്കിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) സർവ്വേയിൽ പങ്കെടുത്തവർക്ക് പോളിപിൽ എന്ന ഗുളിക വിതരണം ചെയ്തിരുന്നോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത സർവ്വേ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണത്തിന് ഉത്തരവിട്ടിരുന്നോ; അതിന്റെ കാരണമെന്തായിരുന്നു; അന്വേഷണറിപ്പോർട്ട് ലഭിച്ചിരുന്നോ; റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

പാമ്പുകടിയേറ്റവർക്ക് കുത്തിവെക്കാനുള്ള മരുന്നിന്റെ ദൗർലഭ്യം

820 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമ്പുകടിയേറ്റവർക്ക് കുത്തിവെക്കാനുള്ള മരുന്നിന്റെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മരുന്ന് ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

വിഷ ചികിത്സാ മരുന്നിന്റെ അപര്യാപ്തത

821 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷ ചികിത്സാമരുന്ന് ആന്റിവെനം കിട്ടാനില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ ആവശ്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

822 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ധാരാളം അന്യസംസ്ഥാന തൊഴിലാളികൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ തൊഴിലിടങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്നത് വഴി ഉണ്ടായിട്ടുള്ള സാമൂഹികാരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ വിരമിക്കൽ പ്രായം</u>

823 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള ഡോക്ടർമാരുടെ വിരമിക്കൽ പ്രായം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിരമിക്കൽ പ്രായപരിധി വീണ്ടും ഉയർത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർ, സീനിയർ ലക്ചറർ എന്നീ തസ്തികകളിൽ നിയമനം നടന്ന അവസാന വർഷം ഏതാണ്;

(ഡി) കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഓരോ മെഡിക്കൽ കോളേജിലും പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ എന്നീ തസ്തികകളിൽ എത്ര പേർ ആവശ്യമാണ്; നിലവിൽ എത്ര പേർ വിവിധ തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ;

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം</u>

824 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ൽ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ എം.ബി.ബി.എസ്. കോഴ്സിനുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്കു പ്രവേശനം നടത്തിയത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വെളിപ്പെടുത്താമോ;

(ബി) സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾക്ക് അർഹമായ മൊത്തം സീറ്റുകൾ എത്രയായിരുന്നു എന്നു വെളിപ്പെടുത്താമോ;

(സി) എൻ.ആർ.ഐ. സീറ്റുകൾക്ക് മാനേജ്മെന്റുകൾ ഈടാക്കിയ ഒറ്റത്തവണ തലവരിപ്പണം എത്രയായിരുന്നു; വിശദമാക്കാമോ;

(ഡി) എല്ലാ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളും കൂടി എം.ബി.ബി.എസ്., എൻ.ആർ.ഐ. സീറ്റിലേക്ക് പ്രവേശനം നടത്തിയ ഇനത്തിൽ 2013-ൽ എത്ര കോടി രൂപ ഈടാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ</u>

825 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഓരോ മെഡിക്കൽ കോളേജിലും കുറഞ്ഞത് രണ്ടു സ്പെഷ്യാലിറ്റി ആശുപത്രികളും, റിസർച്ച് സെന്ററും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

826 ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എവിടെയെല്ലാമാണ് പ്രസ്തുത മെഡിക്കൽ കോളേജുകൾ തുടങ്ങാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഇതിനായുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) മെഡിക്കൽ കോളേജുകൾ തുടങ്ങാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ</u>

827 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എത്ര സർക്കാർ മെഡിക്കൽ കോളേജുകൾ തുടങ്ങുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ഓരോന്നിലും അനുവദിച്ചിട്ടുള്ള മെഡിക്കൽ സീറ്റുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ആലപ്പുഴ മെഡിക്കൽ കോളേജ് നവീകരണം

828 ശ്രീ. എ.എം.ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മെഡിക്കൽ കോളേജ് ആശുപത്രികൾക്കാണ് നവീകരണത്തിനായി പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയിൽ നിന്നും ധനസഹായം അനുവദിച്ചതെന്നും എത്ര കോടി രൂപ വീതമാണെന്നും അറിയിക്കുമോ; രാജ്യത്ത് എത്ര ആശുപത്രികൾക്കാണ് ഈ പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ല, പകർച്ചവ്യാധികളുടെ ജില്ലയാണെന്നും ആകയാൽ ജില്ലയിലെ മെഡിക്കൽ കോളേജിന്റെയും മറ്റ് ആശുപത്രികളുടെയും നവീകരണത്തിന് പ്രത്യേക ധനസഹായം അനുവദിക്കണമെന്ന് സർക്കാർ 2006 മുതൽ ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനത്തിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

മെഡിക്കൽകോളേജുകളുടെയും ആശുപത്രികളുടെയും ശുചിത്വ പരിപാലനം

829 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിക്കപ്പെടുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ കെട്ടിടനിർമ്മാണം കാലോചിതമായി പരിഷ്കരിച്ച രീതിയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളുടെ പരിപാലനം ശാസ്ത്രീയമായി പരിഷ്കരിച്ച് വൃത്തിയും ഗുണനിലവാരവും സംരക്ഷിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ ;

(ഡി) വൃത്തിയും ഗുണനിലവാരവും സൂക്ഷിക്കുന്ന പി.എച്ച്.സി., സി.എച്ച്.സി. താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവയ്ക്ക് താലൂക്ക്, ജില്ല, സംസ്ഥാനതലങ്ങളിൽ അവാർഡും പ്രത്യേക സഹായവും നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കൊച്ചിയിൽ സ്വകാര്യ ഡെന്റൽ കോളേജിന് എൻ. ഒ. സി.</u>

830 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന് സമീപം സ്വകാര്യ ഡെന്റൽ കോളേജിന് എൻ. ഒ. സി. നൽകാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) സഹകരണ മെഡിക്കൽ കോളേജിന്റെ ചികിത്സാ സംവിധാനങ്ങൾ പങ്ക്‌വെക്കാമെന്ന ലക്ഷ്യം ഡെന്റൽ കോളേജ് പദ്ധതിക്കാർക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ ;

(സി) സഹകരണ മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ സ്വകാര്യ ഡെന്റൽ കോളേജിന് നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഡെന്റൽ കോളേജ് നടത്താനുള്ള ചെന്നൈയിലെ സൺഷൈൻ എജ്യുക്കേഷൻ ട്രസ്റ്റിന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ദന്തൽകോളേജ്</u>

831 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ദന്തൽകോളേജ് തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ;

(ബി) ദേശീയ ദന്തൽകൗൺസിലിന്റെ അംഗീകാരം ലഭിച്ചോ ;

(സി) ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ ;

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിൽ ദന്തൽകോളേജ് തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കൊല്ലം മെഡിക്കല്‍ കോളേജ്</u>

832 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ജില്ലയില്‍ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ ഏതു ഘട്ടത്തിലാണ്;

(ബി) മെഡിക്കല്‍ കോളേജ് പ്രവര്‍ത്തിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം ജില്ലാ പഞ്ചായത്ത്, സര്‍ക്കാരിന് കൈമാറിയ തീരുമാനം അറിയിച്ചിട്ടുള്ളത് എന്നാണെന്ന് അറിയിക്കുമോ;

(സി) ജില്ലയില്‍ മെഡിക്കല്‍ കോളേജ് അനുവദിക്കുന്നതിനായി ഇനി എന്തെല്ലാം മാനദണ്ഡങ്ങള്‍ പാലിക്കേണ്ടതുണ്ട് എന്ന വിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് മെഡിക്കല്‍ കോളേജ് നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍</u>

833 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013 നവംബര്‍ 30-ന് തറക്കല്ലിട്ട കാസര്‍ഗോഡ് മെഡിക്കല്‍ കോളേജിനുളള നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചിട്ടുണ്ടോ ; എങ്കില്‍ എന്നത്തേക്ക് പൂര്‍ത്തിയാക്കാനാണ് ലക്ഷ്യമിടുന്നത് ;

(ബി) നിര്‍മ്മാണപ്രവര്‍ത്തനങ്ങളുടെ കരാര്‍ ഏല്പിച്ചിട്ടുള്ളത് ആരെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ആയതിനുവേണ്ടി എന്തുതുക നീക്കിവച്ചിട്ടുണ്ട് ; നബാര്‍ഡിന്റെ സഹായം ലഭ്യമാക്കുമോ ; എങ്കില്‍ എന്ത് തുകയാണ്
പ്രതീക്ഷിക്കുന്നത് ;

(ഡി) എന്നത്തേക്ക് അഡ്മിഷന്‍ തുടങ്ങാനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

പരിയാരം സർക്കാർ ആയുർവ്വേദ കോളേജിലെ അധ്യാപക നിയമനം

834 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ എത്ര അധ്യാപക-അനധ്യാപക തസ്തികകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ;

(ബി) ഇവയിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; ഏതൊക്കെ വിഭാഗങ്ങളിലാണ് ഒരു ഡോക്ടർ പോലും ഇല്ലാത്തതെന്ന് അറിയിക്കാമോ;

(സി) സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിന്റെ നിർദ്ദേശ പ്രകാരം നിലവിൽ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ എത്ര അധ്യാപകരുടെ കുറവുണ്ട്; വിശദാംശം നൽകുമോ;

(ഡി) ഏതെല്ലാം അധ്യാപകരെയാണ് വർക്കിംഗ് അറേഞ്ച്മെന്റിന്റെ പേരിൽ സ്ഥലം മാറ്റിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) വർക്കിംഗ് അറേഞ്ച്മെന്റ് നിയമനങ്ങൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ</u>

835 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നതെന്നു വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജുകളിലെ കരാർ നിയമനം</u>

836 ശ്രീ.സി.ദിവാകരൻ
'' കെ.രാജു
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ ഒഴിവുള്ള തസ്തികകളിൽ കരാർ നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തീരുമാനിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥിരം ജീവനക്കാരെ നിയമിക്കുന്നത് കൂടുതൽ ബാദ്ധ്യതയാകുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ കരാർ നിയമനം നിർത്തിവച്ച് നിലവിലുള്ള സ്ഥിരനിയമന നടപടി തുടരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ജീവന്‍ രക്ഷാ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാന്‍ നടപടി</u>

837 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജീവന്‍ രക്ഷാ മരുന്നുകളുടെ കാര്യത്തില്‍ ഔഷധ വിപണിയില്‍ ആള്‍ കേരള കെമിസ്റ്റ് ആന്റ് ഡ്രഗ്ഗിസ്റ്റ് അസോസിയേഷന്‍ പ്രവര്‍ത്തിക്കുന്നതും അതുമൂലം ജീവന്‍ രക്ഷാ മരുന്നുകള്‍ രോഗികള്‍ക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയില്‍പ്പെട്ടുവോ ;

(ബി) എങ്കില്‍ ഇത് തടയുന്നതിനായും ഇത്തരക്കാര്‍ക്കെതിരെ ശിക്ഷാ നടപടികള്‍ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) അസോസിയേഷന്റെ എന്‍.ഒ.സി. ഇല്ലാതെ മരുന്ന് സ്റ്റോക്കിസ്റ്റുകള്‍ക്ക് മരുന്ന് നല്‍കരുതെന്ന എ.കെ.സി.ഡി.എ. യുടെ നിര്‍ദ്ദേശം നടപ്പിലാക്കാതിരിക്കുവാനും ഇത്തരത്തില്‍ പ്രവര്‍ത്തിക്കുന്ന സംഘടനയുടെ അംഗീകാരം റദ്ദ് ചെയ്യുവാനും ഇത്തരക്കാര്‍ക്കെതിരെ നിയമ നടപടി സ്വീകരിക്കുവാനും സര്‍ക്കാര്‍ തലത്തില്‍ ഇതിന് നിയന്ത്രണം ഏര്‍പ്പെടുത്തുവാനും ഈ സര്‍ക്കാര്‍ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) എ.കെ.സി.ഡി.എ.യുടെ എന്‍.ഒ.സി. ഇല്ലാതെ സ്റ്റോക്കിസ്റ്റുകള്‍ക്ക് മരുന്ന് നല്‍കില്ലയെന്ന് മൊത്ത വിതരണക്കാര്‍ക്ക് ഏതെല്ലാം മരുന്നു കമ്പനികള്‍ നിര്‍ദ്ദേശങ്ങളും കത്തിടപാടുകളും നല്‍കിയിട്ടുണ്ട് എന്ന് അറിയുമോ;

(ഇ) മരുന്നു കമ്പനികളുടെ മരുന്നു വിതരണ നിയന്ത്രണം സര്‍ക്കാര്‍ ഏറ്റെടുക്കുവാനും പരിശോധിച്ച് കുറ്റമറ്റ പ്രവര്‍ത്തനം ഉറപ്പാക്കാനും എന്ത് നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) വില നിയന്ത്രണ നിയമവും സുപ്രീം കോടതി നിര്‍ദ്ദേശങ്ങളും നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്താന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്നും ഇത് ലംഘിക്കുന്നവര്‍ക്കെതിരെ എന്ത് നടപടികള്‍ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ജീവന്‍ രക്ഷാ മരുന്നുകളുടെ വിലക്കയറ്റം

838 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജീവന്‍ രക്ഷാ മരുന്നുകളുടെ വില കമ്പോളത്തില്‍ അനിയന്ത്രിതമായി വര്‍ദ്ധിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) വര്‍ദ്ധന തടയുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തെല്ലാമെന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>മരുന്നുവില നിയന്ത്രണം</u>

839 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നുകൾക്ക് അന്യായമായ വില ഈടാക്കുന്നു എന്ന പരാതി പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;

(സി) ഒരേ ചേരുവയുള്ള മരുന്നുകൾ വ്യത്യസ്ത കമ്പനികൾ വലിയ വില വ്യത്യാസത്തിൽ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം

840 ശ്രീ. പി. സി. വിഷ്ണുനാഥ്
'' സണ്ണി ജോസഫ്
'' എ. റ്റി. ജോർജ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും വികസിപ്പിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ തുടങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള എന്തെല്ലാം അത്യാധുനിക സൗകര്യങ്ങളാണ് ലബോറട്ടറികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എവിടെയെല്ലാമാണ് പുതിയ ലബോറട്ടറികൾ തുടങ്ങാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>നിരോധിച്ച മരുന്നുകളുടെ വിൽപ്പന</u>

841 ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
,, ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നിരോധിച്ച മരുന്നുകൾ സംസ്ഥാനത്ത് യഥേഷ്ടം വിറ്റഴിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രഗ്സ് കൺട്രോളർ ഓഫ് ഇൻഡ്യ നിരോധിച്ച എത്രയിനം മരുന്നുകൾ വിറ്റഴിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മരുന്നുകളുടെ ഗുണനിലവാര പരിശോധനക്കും പാർശ്വ ഫലങ്ങളെക്കുറിച്ചുള്ള പഠനത്തിനുമായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ നടപടി</u>

842 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഷോപ്പുകളിലൂടെയും മറ്റും വിൽക്കപ്പെടുന്ന മരുന്നുകൾക്ക് ഗുണനിലവാരമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിലെ പരിശോധനാസംവിധാനത്തിന്റെ പ്രവർത്തനത്തിലുണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

843 ശ്രീ. എം. ഉമ്മർ
,, പി. കെ. ബഷീർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ആയുർവേദ ഔഷധസസ്യങ്ങൾ വീടുകളിൽ വച്ച് പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിച്ച് ഔഷധ സസ്യകൃഷി ജനകീയമാക്കാൻ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഔഷധസസ്യങ്ങളുടെ വിതരണം സംബന്ധിച്ച് ഏതെങ്കിലും വകുപ്പുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>മരുന്ന് വിതരണം</u>

844 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1948 ലെ ഇന്ത്യൻ ഫാർമസി ആക്ടിലെ സെക്ഷൻ 42 പ്രകാരം സംസ്ഥാനത്ത് മരുന്ന് വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്;

(ബി) പ്രസ്തുത ആക്ടിന്റെ 42-ാം സെക്ഷൻ പ്രകാരം മരുന്നു വിതരണം നടത്തുന്നതിന് ആരോഗ്യ ഫീൽഡ് വിഭാഗം ജീവനക്കാർ, ആശാവർക്കർമാർ, അംഗൺവാടി വർക്കർമാർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നിലവിലുള്ള ഏത് ചട്ടപ്രകാരമാണ് മേൽ സൂചിപ്പിച്ച ജീവനക്കാർ മരുന്ന് വിതരണം നടത്തുന്നത്;

(ഡി) ഇത്തരം പ്രവണതകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കാക്കനാട് മരുന്ന് പരിശോധന ലാബിന്റെ പ്രവർത്തനം</u>

845 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാക്കനാട് മരുന്ന് പരിശോധന ലാബിന്റെ ഉദ്ഘാടനത്തിനുശേഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എത്ര തസ്തികകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളത്; തസ്തികകൾ എതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ലബോറട്ടറിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിന് യന്ത്ര സാമഗ്രികൾ ഉൾപ്പെടെയുള്ള എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവർത്തനം തുടങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ആയുർവ്വേദ/ഹോമിയോ/അലോപ്പതി ഡോക്ടർമാരുടെ തസ്തികകൾ</u>

846 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള അലോപ്പതി, ഹോമിയോ, ആയുർവ്വേദ വിഭാഗങ്ങളിലായി പാലക്കാട് ജില്ലയിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്;

(ബി) അനുവദിക്കപ്പെട്ട തസ്തികകളിൽ നിലവിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്;

(സി) നിലവിൽ വിവിധ വിഭാഗങ്ങളിലായി എത്ര ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു;

(ഡി) പിന്നോക്ക ജില്ലയായ പാലക്കാടിനെ ആരോഗ്യ വകുപ്പ് അവഗണിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അടിയന്തിരമായി ഡോക്ടർമാരുടെ തസ്തികകൾ നികത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) ഒറ്റപ്പാലത്ത് ഹോളിസ്റ്റിക് ഹോസ്പിറ്റൽ ആരംഭിക്കുന്നതിനുള്ള പ്രപ്പോസലിന്റെ കാലിക സ്ഥിതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>തരൂർ ആയൂർവ്വേദ ഡിസ്പെൻസറി വികസനത്തിന് നടപടി</u>

847 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ ആയൂർവേദ ഡിസ്പെൻസറി 20 കിടക്കകളുള്ള ആശുപത്രിയായി വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ഡിസ്പെൻസറി, ആശുപത്രിയായി ഉയർത്തുന്നതിന് കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 20 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ള, ജീവനക്കാർ അടക്കമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ആയൂർ ആയുർവേദ ആശുപത്രി</u>

848 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ഇടമുളക്കൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ആയൂർ ആയുർവേദ ആശുപത്രിയുടെ കിടക്കകളുടെ എണ്ണം 50 ആയി ഉയർത്തുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുമോ;

(ബി) ആയൂർ ആയുർവ്വേദ ആശുപത്രി വികസനത്തിനായി എന്തൊക്കെ കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ആരാധനാലയങ്ങളുടെ പക്കലുള്ള സ്വർണ്ണശേഖരം

849 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ആരാധാനാലയങ്ങളുടെ പക്കലുള്ള സ്വർണ്ണശേഖരത്തെക്കുറിച്ചുള്ള വിവരങ്ങൾ ആരാഞ്ഞുകൊണ്ട് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ കത്തയച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേവസ്വം ബോർഡുകളോടും പ്രസ്തുത ആവശ്യം ഉന്നയിച്ചിട്ടുള്ളതായി അറിയാമോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ശബരിമല വികസന മാസ്റ്റർ പ്ലാൻ</u>

850 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ വികസനത്തിന് മാസ്റ്റർ പ്ലാനിലുൾപ്പെടുത്തി അനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ നടപ്പാക്കിയിട്ടുള്ള ഓരോ പദ്ധതിയുടെ പേരും അതിനായി ചെലവഴിച്ച തുകയും എത്ര വീതമെന്ന് പദ്ധതിയുടെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഇപ്പോഴും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നവ ഏതെല്ലാമാണ്; ഇവയ്ക്ക് അനുവദിച്ച തുക എത്രയെന്നും, പദ്ധതിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) പുതുതായി അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; അടുത്ത ശബരിമല മണ്ഡലകാലത്തിനു മുൻപായി ഈ പദ്ധതികൾ നടപ്പാക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പമ്പ, ശബരിമല എന്നിവിടങ്ങളിൽ നടപ്പാക്കിയ വികസന പദ്ധതികൾ</u>

851 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-2014 ലെ മണ്ഡല പൂജാകാലത്ത് പമ്പ, ശബരിമല എന്നിവിടങ്ങളിൽ തിരുവതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കിയ വികസന പദ്ധതികളെ സംബന്ധിച്ച് തുക, പദ്ധതി ഇനം, തീയതി എന്നിങ്ങനെയുള്ള വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ശബരിമല ക്ഷേത്രത്തിൽ നേർച്ചയായി ലഭിക്കുന്ന തെങ്ങിൻ തൈകൾ

852 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിൽ നേർച്ചയായി ലഭിക്കുന്ന തെങ്ങിൻ തൈകൾ ഉപയോഗശൂന്യമായി നശിച്ചു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ ഉപയോഗപ്പെടുത്തുന്നതിനോ ലേലം ചെയ്ത് ദേവസ്വം ബോർഡിലേയ്ക്ക് മുതൽകൂട്ടുന്നതിനോ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളവിതരണം

853 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിന്റെ അധീനതയിൽ എത്ര ക്ഷേത്രങ്ങൾ നിലവിലുണ്ടെന്നും, ഇതിൽ എത്ര ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം ഇപ്പോൾ മുടങ്ങിയിട്ടുണ്ടെന്നും, ഇതിന് കാരണമെന്തെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനം</u>

854 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായി തിരുവർക്കാട്ട്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് 06.04.2013ന് ഭരണാനുമതി ലഭിച്ചെങ്കിലും തുടർനടപടികൾ നീണ്ടുപോകുന്നതെന്തുകൊണ്ടാണ് ;

(ബി) പൂരക്കളി, ചെണ്ട എന്നീ കോഴ്സുകൾ നാളിതുവരെ തുടങ്ങിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനവും കോഴ്സുകളും എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പൂരക്കളി/തെയ്യം കലാകാരന്മാർക്കുമുള്ള വേതനം, കുടിശ്ശിക</u>

855 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലബാറിലെ ആചാരസ്ഥാനീയർക്കും പൂരക്കളി/തെയ്യം കലാകാരന്മാർക്കും പ്രതിമാസം നൽകുന്ന വേതനം ഇനത്തിൽ, നിലവിൽ എത്ര രൂപയുടെ കുടിശ്ശിക ഉണ്ടെന്നും, എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട്, ശ്രീ വള്ളിക്കാട്ട്കാവ് ക്ഷേത്രത്തിന്റെ പുനരുദ്ധാരണം</u>

856 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ വള്ളിക്കാട്ട്കാവ് ക്ഷേത്രത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി മലബാർ ദേവസ്വം ബോർഡ് 20.09.2012 ലെ 88-ാം നമ്പർ തീരുമാനപ്രകാരം ക്ഷേത്രത്തിന് അനുവദിച്ച 20 ലക്ഷം രൂപയുടെ അനുമതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി അംഗീകാരം നൽകാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കണ്ണമംഗലം മഹാദേവക്ഷേത്രക്കുളം നവീകരണം

857 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കണ്ണമംഗലം മഹാദേവക്ഷേത്രത്തിലെ ക്ഷേത്രക്കുളം നവീകരിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?